/113640/2023

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി :01-09-2023
Email - swdkerala@gmail.com
Phone - 0471 – 2306040

സാമൂഹ്യ നീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും

സർ,

വിഷയം:- സാ.നീ.വ – മന്ദഹാസം പദ്ധതി - വ്യാപക പ്രചാരണം നൽകുന്നത് സംബന്ധിച്ച്.

സൂചന :-

സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരൻമാർക്ക് കൃത്രിമ ദന്തനിര വെയ്ക്കുന്നതിന് ധനസഹായം അനുവദിയ്ക്കുന്നതിനായി 2016 – ൽ ആരംഭിച്ച പദ്ധതിയാണ് "മന്ദഹാസം ".

മന്ദഹാസം പദ്ധതി നടപ്പ് സാമ്പത്തിക വർഷം പുനരാരംഭിക്കുന്നതിനായി ആരോഗ്യവകുപ്പുമായി ചർച്ച ചെയ്യതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് അംഗീകാരം ലഭ്യമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ നടപ്പ് സാമ്പത്തിക വർഷം പദ്ധതി നടപ്പിലാക്കുന്നതിനായി സുനീതി പോർട്ടൽ മുഖേന അപേക്ഷകൾ ക്ഷണിക്കുന്നതിനായി പദ്ധതി സംബന്ധിച്ച് പത്ര മാധ്യമങ്ങൾ, F.M. Radio, മറ്റു സാമൂഹ്യ മാധ്യമങ്ങൾ എന്നിവ മുഖേന വ്യാപക പ്രചാരണം നടത്തുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. പദ്ധതിയുടെ വിശദാംശം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

/113640/2023

**“മന്ദഹാസം പദ്ധതി” 2023-24**

സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മുതിർന്ന പൗരൻമാർക്ക് കൃത്രിമ ദന്തനിര വെയ്ക്കുന്നതിന് ധനസഹായം അനുവദിയ്ക്കുന്നതിനായി 2016 – ൽ ആരംഭിച്ച പദ്ധതിയാണ് **“മന്ദഹാസം".** ജില്ലാ ഓഫീസുകളിൽ സുനീതി പോർട്ടൽ വഴി അപേക്ഷകൾ സ്വീകരിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് ദന്തനിര വെച്ച് നൽകുകയും, ബന്ധപ്പെട്ട ആശുപത്രികൾക്ക് ജില്ലാ ഓഫീസർമാർ മുഖേന തുക മാറി നൽകി വരുകയുമാണ് ചെയ്യുന്നത്. 2019-20 സാമ്പത്തിക വർഷം വരെ ടി പദ്ധതിയിൽ ഒരു ഗുണഭോക്താവിന് പരമാവധി 5,000/- രൂപയാണ് അനുവദിച്ചിരുന്നത്. എന്നാൽ, 2019-20 സാമ്പത്തിക വർഷം കോവിഡ് – 19 മായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ഉണ്ടായിരുന്നതിനാൽ പല ജില്ലകളിലും ടി പദ്ധതി പൂർത്തീകരിക്കുവാൻ കഴിഞ്ഞിരുന്നില്ല.

നടപ്പ് സാമ്പത്തിക വർഷം 2023-24 “മന്ദഹാസം പദ്ധതി” നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സാമൂഹ്യ നീതി ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ ടി പദ്ധതിയ്ക്കായി നിലവിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് ആരോഗ്യ വകുപ്പ് പ്രതിനിധികൾ അറിയിച്ചതിനെ തുടർന്ന്, സാമൂഹ്യ നീതി വകുപ്പിന്റെയും, ആരോഗ്യവകുപ്പിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ച സബ് കമ്മിറ്റി കൃത്രിമ ദന്തനിര വെയ്ക്കുന്നതിന്റെ യഥാർത്ഥ ചിലവുകൾ പരിശോധിക്കുകയുണ്ടായി . ഒരു ഗുണഭോക്താവിനു ദന്തനിര പൂർണമായി മാറ്റിവയ്ക്കുന്നതിനു (complete Dentrue U/L) ആവശ്യമായി വരുന്ന materials, ലാബ് ചിലവുകൾ ഉൾപ്പടെയുള്ള തുക 10,000/- രൂപ (പതിനായിരം രൂപ മാത്രം) ആയി നിശ്ചയിക്കാവുന്നതാണെന്ന് ആരോഗ്യ വകുപ്പ് പ്രതിനിധികൾ ശുപാർശ ചെയ്യുകയും, ആയത് സബ്കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു.പ്രസ്തുത ശുപാർശ പ്രകാരം നടപ്പ് സാമ്പത്തിക വർഷം മുതൽ മന്ദഹാസം പദ്ധതിക്കായി ഒരു ഗുണഭോക്താവിന് അനുവദിക്കേണ്ട തുക 10000 രൂപയായി വർദ്ധിപ്പിക്കേണ്ടതുണ്ട് .

## ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം

താഴെ പറയുന്ന വിഭാഗത്തിൽപ്പെടുന്നവർക്ക് കൃത്രിമദന്തങ്ങൾ സൗജന്യമായി വെച്ച് കൊടുക്കലാണ് പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത് .

1. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 60 വയസ്സ് തികഞ്ഞവർ .
2. പല്ലുകൾ പൂർണ്ണമായി നഷ്ടപ്പെട്ടവരും, അതല്ലെങ്കിൽ ഭാഗികമായി നഷ്ടപ്പെട്ട് അവശേഷിക്കുന്നവ ഉപയോഗ യോഗ്യമല്ലാത്തതിനാൽ പറിച്ചു നീക്കേണ്ട അവസ്ഥയിലുമുള്ളവർ
3. കൃത്രിമ പല്ലുകൾ വെയ്ക്കുന്നതിന് അനുയോജ്യമെന്ന് യോഗ്യത നേടിയ ദന്തിസ്റ്റ് നിശ്ചിത ഫോറത്തിൽ സാക്ഷ്യപ്പെടുത്തിയവർ .
4. ഭാഗികമായി മാത്രം പല്ലുകൾ മാറ്റി വെക്കുന്നതിനു ഈ പദ്ധതിയുടെ

ആനുകൂല്യം അനുവദിക്കുന്നതല്ല .

**പദ്ധതിയുടെ ഘടകങ്ങള് :-**

**1.ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ:-**

നടപ്പ് സാമ്പത്തിക വർഷം 700 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു പല്ലുകൾ നൽകാവുന്നതാണ് . ഗുണഭോക്താക്കളുടെ എണ്ണം പരിമിതപ്പെടുത്തേണ്ട സാഹചര്യം ഉണ്ടാകുന്ന പക്ഷം ആദ്യം അപേക്ഷിച്ച വ്യക്തികൾക്ക് മുൻഗണന നൽകുന്നതായിരിക്കും .

ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർ മാധ്യമങ്ങൾ മുഖേന വ്യാപക പ്രചരണം നടത്തി, സുനീതി പോർട്ടൽ വഴി അപേക്ഷകൾ സ്വീകരിച്ച് അർഹരായ ഗുണഭോക്താക്കൾക്ക് സർക്കാർ ആശുപത്രികൾ/ ഡെന്റൽ മെഡിക്കൽ കോളേജ് എന്നിവ മുഖേന ദന്തനിര വെച്ച് നൽകുകയും ചെയ്യുന്നു.

**അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ താഴെപ്പറയുന്നു .**

a. യോഗ്യത നേടിയ ദന്തിസ്റ്റ് നൽകിയ നിശ്ചിത ഫോറത്തിലുള്ള അനുയോജ്യതാ സർട്ടിഫിക്കറ്റ് .

b. BPL തെളിയിക്കാനുള്ള രേഖ (പിങ്ക് അല്ലെങ്കിൽ മഞ്ഞ റേഷൻ കാർഡിന്റെ പകർപ്പ് /BPL സർട്ടിഫിക്കറ്റു)

c.വയസ്സ് തെളിയിക്കുന്ന രേഖ (ആധാർ /ഇലക്ഷൻ ID/സ്കൂൾ സർട്ടിഫിക്കറ്റ് /മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് )

d. മുതിർന്നവർക്ക് വേണ്ടിയുള്ള സ്ഥാപനങ്ങളിൽ താമസിക്കുന്ന വ്യക്തികൾ വില്ലേജ് ഓഫീസർ നൽകുന്ന destitution സർട്ടിഫിക്കറ്റ്,സ്ഥാപനത്തിൽ താമസിച്ചു വരുന്ന വ്യക്തിയാണെന്ന് തെളിയിക്കുന്ന സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം എന്നിവയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ് .

**അപേക്ഷകളുടെ പരിശോധനയും അർഹതാ ലിസ്റ്റ് തയ്യാറാക്കലും :-**

മുകളിൽ വ്യക്തമാക്കിയ മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ജില്ല തലത്തിൽ സുനീതി പോർട്ടൽ വഴി ലഭ്യമാകുന്ന അപേക്ഷ ചുവടെ നിർദ്ദേശിക്കുന്ന കമ്മിറ്റി പരിശോധിച്ച് അർഹത നിശ്ചയിച്ചു ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ് .

1..ജില്ല സാമൂഹിക നീതി ഓഫീസർ

2.ആരോഗ്യവകുപ്പ് നാമനിർദ്ദേശം ചെയ്യുന്ന ഒരു സർക്കാർ ദന്തിസ്റ്റ് .

**പദ്ധതി നടത്തിപ്പും മോണിറ്ററിംഗും**

1. പദ്ധതി പ്രവർത്തനത്തിനായി ജില്ലാ സാമൂഹ്യ നീതി ഓഫീസുകളും ആരോഗ്യവകുപ്പും യോജിച്ചു നടപടി സ്വീകരിക്കേണ്ടതുള്ള സാഹചര്യത്തിൽ എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ നോഡൽ ഓഫീസർമാരായിരിക്കും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു സഹായിക്കുന്നത്.
2. പദ്ധതി പ്രകാരം സർക്കാർ ആശുപത്രികൾ മുഖേന പദ്ധതി നടപ്പാക്കുമ്പോൾ അനുവദിക്കേണ്ട തുക ആശുപത്രി സൂപ്രണ്ടു/കോളേജ് പ്രിൻസിപ്പൽ എന്നിവർ നിർദ്ദേശിക്കുന്ന അക്കൗണ്ടിലേക്ക് കൈമാറാവുന്നതാണ് .
3. ആശുപത്രികൾക്കു അനുവദിക്കേണ്ട ആകെ തുകയുടെ **50%** തുക മെറ്റീരിയൽസ് വാങ്ങുന്നതിന് അഡ്വാൻസ് ആയി അനുവദിക്കാവുന്നതാണ്

**<u>സാമ്പത്തിക വിശകലനം</u>**

കൃത്രിമ ദന്തനിര വെയ്ക്കുന്നതിന് ഒരു ഗുണഭോക്താവിന് വേണ്ടി വരുന്ന (ഒരു സെറ്റ് കംപ്ലീറ്റ് ഡെൻജർ **(complete Dentrue U/L)** **material cost,** ലാബ് ചിലവുകൾ ഉൾപ്പടെ )തുക കണക്കാക്കിയത് പരമാവധി **10,000/-** രൂപയാണ് (പതിനായിരം രൂപ മാത്രം ). നടപ്പ് വര്ഷം ഒരു ജില്ലയിൽ **50** പേർക്ക് മന്ദഹാസം പദ്ധതി ആനുകൂല്യം നൽകുന്നതിനു **(50 X 10,000) 500000/-** രൂപ ( അഞ്ചു ലക്ഷം രൂപ മാത്രം )ആവശ്യമായി വരും . ആയതു പ്രകാരം **14** ജില്ലകൾക്ക് ആവശ്യമാകുന്ന തുക **(14 X 500000 = 7000000/-)** എഴുപതു ലക്ഷം രൂപ ആണ്

മേൽ സാഹചര്യത്തിൽ, **2023-24** സാമ്പത്തിക വർഷം “ **മന്ദഹാസം** പദ്ധതിയുടെ നടത്തിപ്പിലേയ്ക്ക് ആവശ്യമാകുമെന്നു പ്രതീക്ഷിക്കുന്ന **70,00,000/-** ലക്ഷം രൂപ **(എഴുപതു ലക്ഷം രൂപ മാത്രം) 2235-02-104-82 (പി)** ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്

**CHETAN KUMAR MEENA**

സാമൂഹ്യനീതി ഡയറക്ടർ